## File No. DT/2918/2019- I2

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽഭവൻ,
തിരുവനന്തപുരം-33

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: ചന്ദ്രശേഖർ.എസ്. ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - പ്ലാനിംഗ് - സ്കിൽ രജിസ്ട്രി മൊബൈൽ ആപ്- ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ് നമ്പർ DT/2918/2019- I2 തീയതി: 19.12.2019

ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് തിരുവനന്തപുരം ജില്ലയിൽ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. സാങ്കേതികവും പാരമ്പര്യവുമായ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരുടെ സേവനങ്ങൾ ലഭ്യമാക്കാൻ ആണ് ടി പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഏകീകരണത്തിലൂടെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട വിപുലമായ സ്കിൽ രജിസ്ട്രി തയ്യാറാക്കാനും, ഏകികൃത ഡേറ്റാ ബേസ് ലഭ്യമാക്കാനും ഈ പോർട്ടലിലൂടെ സാധിക്കും. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവ്വീസ് പ്രൊവൈഡറായും ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയുമാണ് രജിസ്റ്റർ ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ആവിഷ്കരിച്ച സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷൻ മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷൻ നടത്തിയതിന് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വകുപ്പുതല കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. മാനേജർ ഇ-ഗവേണൻസ് പ്രോജക്ട്.
2. എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും.
3. എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരും.
4. എല്ലാ ട്രെയിനിംഗ് ഓഫീസർമാരും.
5. ഓരോ ജില്ലയിലേയും വെർച്ചൽ ഐ.ടി.കേഡറിലെ ഓരോ മെമ്പറൻമാർ.
6. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിലെ ഒരു എക്സിക്യൂട്ടീവ്.

ആർ.ഐ. സെന്ററിലെ ട്രെയിനിംഗ് ഓഫിസർമാർ അതാത് ജില്ലകളിൽ 10.02.2020 ന് മുൻപ് ചുരുങ്ങിയത് 500 പേരെ സർവ്വീസ് പ്രൊവൈഡർമാരായി രജിസ്റ്റർ ചെയ്യിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആർ.ഐ.സെന്ററുകൾ സ്കിൽ രജിസ്ട്രിയുടെ രജിസ്ട്രേഷൻ പോയിന്റുകളായി പ്രവർത്തിക്കുന്നതാണ്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കായിരിക്കും ഇതിന്റെ ചുമതല. ട്രെയിനിംഗ് ഒഫീസർമാർ എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് രജിസ്ട്രേഷൻ സംബന്ധിച്ച റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്കും, KASE- ലും ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ

**File No.DT/2918/2019-I2**

ആദ്യത്തെ റിപ്പോർട്ട് **10.01.2020** –ന് സമർപ്പിക്കേണ്ടതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ വൈദഗ്ധ്യമുള്ള ഉദ്യോഗാർത്ഥികളെയും സ്കിൽ രജിസ്ട്രിയിലും രജിസ്റ്റർ ചെയ്യിക്കാൻ ജില്ല എംപ്ലോയ്മെന്റ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്കിൽ രജിസ്ട്രിയുടെ അഡ്മിൻ ലിങ്ക് www.keralaskillregistry.com/admin. സ്കിൽ രജിസ്ട്രിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടി ജനുവരി ആദ്യവാരം സംഘടിപ്പിക്കുന്നതാണ്.

ഒപ്പ്

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ് :1. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ
KASE, വഴുതക്കാട്,
2. ജോയിൻറെ ഡയരക്ടർ
എംപ്ലോയ് മെന്റെ ഡയരക്ടറേറ്റ്
തിരുവനന്തപുരം
3.(സി.എ ടു ഡി.റ്റി, സി.എ ടു എ.ഡി.റ്റി, സി.എ ടു. ജെ.ഡി, സ്റ്റോക്ക് ഫയൽ, ഐ 2)

sh 12.11.19 Sh.

ഉത്തരവിൻ പ്രകാരം

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്